**ക്രമപ്രശ്നം**

സഭാസമ്മേളനകാലയളവിൽ സഭയ്ക്ക് പുറത്ത് വെള്ളക്കരം വർദ്ധിപ്പിച്ചത് സംബന്ധിച്ച്

ശ്രീ. എ. പി. അനിൽകുമാർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്ന് സഭയിൽ ഉന്നയിച്ച കാര്യമാണ്. വെള്ളക്കരം ലിറ്ററിന് ഒരു പൈസ കൂട്ടുന്നതിനായി 03-02-2023-ന് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവിലേക്ക് അങ്ങയുടെ ശ്രദ്ധക്ഷണിക്കുകയാണ്. വെള്ളംകരം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച ചോദ്യം 06-02-2023-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ പട്ടികയിൽ 64-ാം നമ്പർ ചോദ്യമായി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത ചോദ്യത്തിന്റെ മറുപടിയായി സഭയിൽ ഈ തീരുമാനം പ്രഖ്യാപിക്കാനുള്ള സാഹചര്യം ഉണ്ടായിരുന്നിട്ടുകൂടി സഭയെ വിശ്വാസത്തിലെടുക്കാതെ 03-02-2023-ന് സർക്കാർ ഉത്തരവ് ഇറക്കുകയായിരുന്നു. സഭാസമ്മേളനം നടക്കുമ്പോൾ വെള്ളക്കരം വർദ്ധിപ്പിക്കാനുള്ള നയപരമായ തീരുമാനം സഭയിലാണ് പ്രഖ്യാപിക്കേണ്ടത്. ഇക്കാര്യത്തിൽ ഏതാണ്ട് അങ്ങയുടെ മുൻഗാമികളായിട്ടുള്ള നാല് സ്പീക്കർമാർ വളരെ വ്യക്തമായ തരത്തിലുള്ള

റൂളിംഗ് ഈ സഭയിൽത്തന്നെ നൽകിയിട്ടുള്ളതാണ്. പ്രസ്തുത റൂളിംഗിന് വിരുദ്ധമായി സഭയെയും സാമാജികരെയും വിശ്വാസത്തിലെടുക്കാതെ നയപരമായ തീരുമാനം സംബന്ധിച്ച ഉത്തരവ് ഇറക്കിയ സർക്കാർ നടപടി സംബന്ധിച്ച് വളരെ ശക്തമായ രീതിയിൽത്തന്നെ അങ്ങ് റൂളിംഗ് നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വാട്ടർ അതോറിറ്റിയുടെ ചാർജ്ജ് വർദ്ധനയുമായി ബന്ധപ്പെട്ട്, മാനേജിംഗ് ഡയറക്ടറുടെ കത്ത് 18-11-2021-ൽ ഒരു പ്രൊപ്പോസലായി ലഭിച്ചിട്ടുള്ളതാണ്. സർക്കാർ ധൃതിപിടിച്ച് ഇക്കാര്യത്തിൽ ഒരു തീരുമാനമെടുത്തിട്ടില്ല. മാത്രമല്ല ഈ വിഷയം ഏറെ ദിവസങ്ങളായി പൊതു മാധ്യമങ്ങളിലെല്ലാം ചർച്ച ചെയ്തിട്ടുള്ളതുമാണ്. ഇപ്പോൾ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കഴിഞ്ഞ ദിവസം ചോദ്യോത്തരവേളയിൽ ഈ വിഷയം സഭയിൽ അവതരിപ്പിക്കുകയും മറുപടി പറഞ്ഞതുമാണ്. ഇതൊരു സാധാരണ സർക്കാർ കാര്യമെന്ന നിലയ്ക്കപ്പുറത്തേയ്ക്ക് നടപടിക്രമങ്ങൾ കാലക്രമേണ പൂർത്തിയാക്കി വന്ന സമയത്ത് ഇതുമായി ബന്ധപ്പെട്ട് ഒരുത്തരവുണ്ടായി എന്നതിനപ്പുറം ഒരു കാരണവശാലും സഭയോടുള്ള

അനാദരവോ, സഭ സമ്മേളിക്കുന്ന ഘട്ടമെന്നനിലയിൽ ഇത്തരമൊരു ഉത്തരവുണ്ടായത് ഒരു അനാദരവായി കണക്കാക്കരുത്. അങ്ങനെ കണക്കാക്കിയിട്ടുമില്ലെന്നാണ് അറിയിക്കാനുള്ളത്.